# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

2002 ജൂലായ് 5-ാം തീയതി വെള്ളിയാഴ്ച

(ആകെ ചോദ്യങ്ങൾ - 19)

**(332) സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**
**(333) ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിക്കുവാൻ നടപടി**
**(334) കൂടുതൽ സഞ്ചാര സൗകര്യം**
**(335) തൊഴിൽ നയത്തിലുള്ള വ്യതിയാനം**
**(336) ആഴക്കടൽ മണൽ ഖനനം**
**(337) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും**
**(338) ഹാർബർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി**
**(339) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായവർക്ക് പ്രതിമാസ ആനുകൂല്യം നൽകാനുള്ള പദ്ധതി**
**(340) അരവിന്ദാക്ഷൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ**
**(341) കേരള ചുമട്ടുതൊഴിലാളി നിയമം**
**(342) ഫാക്ടറികളിൽനിന്ന് പുറത്താക്കപ്പെടുന്ന തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി**
**(343) ജലപാതകൾ ഉപയോഗിച്ച് ചരക്ക് ഗതാഗതം**
**(344) ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതുമൂലം ആനുകൂല്യങ്ങളിൽ ഉണ്ടാകുന്ന നഷ്ടം**
**(345) വ്യവസായശാലകളിൽ ഫ്ളോർ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി**
**(346) തെരുവുകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി**
**(347) ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധി**
**(348) ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച പദ്ധതി**
**(349) 'ഒരു കപ്പ് പാലും ഷെയ്ക്ക് ഹാൻഡും' പദ്ധതി**
**(350) തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ പരിശീലന സ്ഥാപനങ്ങളും നവീകരിക്കുന്നതിന് നടപടി**

### സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

332. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ''വനിതാ ശാക്തീകരണ പരിപാടി''യിൽ ഉൾപ്പെടുത്താൻ വ്യവസായവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിലുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റും പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് വ്യവസായ വകുപ്പ് എന്തെങ്കിലും പരിപാടി ആരംഭിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) വനിതാ ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തി വ്യവസായ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ വനിതാ ശാക്തീകരണ പരിപാടിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന 'സ്വയംസിദ്ധ' എന്ന പദ്ധതി

സംസ്ഥാനത്തെ 18 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ വഴി സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പിന്നോക്ക - ന്യൂനപക്ഷ വിഭാഗത്തിലുള്ള സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പിന്നോക്ക വിഭാഗധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് വ്യവസായ വകുപ്പിന്റെ കീഴിലുള്ള ആർട്ടിസാൻസ് ഡവലെപ്മെന്റ് കോർപ്പറേഷനും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വനിതാ വികസന കോർപ്പറേഷനും നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിക്കുവാൻ നടപടി

333. ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് വകുപ്പിൽ ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാഴ്ചശക്തിക്കുറവുമൂലം എത്ര ഡ്രൈവർമാരെ ബസ് ഓടിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്;

(സി) കാഴ്ചശക്തി വേണ്ടത്രയില്ലാത്ത ഡ്രൈവർമാരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) സ്ഥിര സംവിധാനം ഇല്ല.

(ബി) ആരെയും ഒഴിവാക്കിയിട്ടില്ല.

(സി) ബസ് ഓടിക്കാൻ വേണ്ടത്ര കാഴ്ചശക്തിയില്ലാത്ത ഡ്രൈവർമാരുടെ കാഴ്ചശക്തി പരിശോധിച്ചു കണ്ണട നൽകി ഡ്രൈവറായിത്തന്നെ തുടരുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## കൂടുതൽ സഞ്ചാര സൗകര്യം

334. പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കൂടുതൽ സഞ്ചാര സൗകര്യം ഉറപ്പാക്കാൻ വേണ്ടി കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ദീർഘദൂര റൂട്ടുകളിൽ സ്വകാര്യ സെമി സ്ലീപ്പർ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനായി കെ. എസ്. ആർ. ടി. സി. എന്തെല്ലാം നടപടികൾ എടുക്കണം; സ്വകാര്യ ബസ്സുടമകൾ എന്തെല്ലാം നടപടികൾ സ്വീകരിക്കണം എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) നിലവിലുള്ള ടൗൺ-ടു-ടൗൺ ചെയിൻ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും എല്ലാ ജില്ലകളിലും പ്രത്യേകിച്ച് നോട്ടിഫൈഡ് മേഖലയിൽ ഈ സർവ്വീസുകൾ തുടങ്ങുവാനും ഉദ്ദേശ്യമുണ്ട്. രാത്രികാല സർവ്വീസുകൾ, ലൈറ്റിനിംഗ് എക്സ്പ്രസ് സർവ്വീസുകൾ, മുതലായവ കൂടുതൽ സഞ്ചാര സൗകര്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ആരംഭിച്ചു കഴിഞ്ഞു. മലയോര പ്രദേശങ്ങളിൽ മിനി ബസ് സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. സ്ത്രീ യാത്രക്കാരുടെ

സൗകര്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രധാന സ്റ്റേഷനുകളിൽ സ്ത്രീകൾക്കു മാത്രമായി ആധുനിക വെയിറ്റിംഗ് റൂമുകൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്.

(ബി) ഉദ്ദേശമില്ല

(സി) ചോദ്യം ഉദിക്കുന്നില്ല.

## തൊഴിൽ നയത്തിലുള്ള വ്യതിയാനം

335. ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിലെ തർക്കങ്ങളിൽ പോലീസ് ഇടപെടുകയില്ലെന്ന നയത്തിൽ നിന്നും വ്യതിചലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലുടമകളുടെ സമ്പൂർണ്ണമായ ചൂഷണത്തിന് തൊഴിൽ മേഖലയെ വിട്ടുകൊടുക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണോ ഈ നയവ്യതിയാനം എന്ന് വ്യക്തമാക്കുമോ;

(സി) ഈ നയം തുടരുന്നതുമൂലം തൊഴിൽ മേഖലയിൽ എന്തെങ്കിലും കോട്ടങ്ങൾ ഉള്ളതായി പരാതി ലഭിക്കുകയുണ്ടായോ;

(ഡി) ശാന്തമായ തൊഴിൽ അന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം എത്രയായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരന് (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) സമാധാനപരമായ തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുക എന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. എന്നാൽ തൊഴിൽ തർക്കവുമായി ബന്ധപ്പെട്ട അക്രമങ്ങളും കുറ്റ കൃത്യങ്ങളും നിയമലംഘനവും ഉണ്ടാകുന്നപക്ഷം നിലവിലുള്ള നിയമപ്രകാരം തന്നെ പോലീസിന് ഇടപെടാൻ കഴിയുന്നതാണ്.

(ബി) അല്ല. തൊഴിലാളികൾക്ക് നിയമപരമായ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം

(സി) ഇല്ല. എന്നാൽ കരട് തൊഴിൽ നയത്തെ സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചകളിൽ തൊഴിൽ തർക്കങ്ങളിൽ പോലീസിനെ ഇടപെടുവിക്കുന്നത് സംബന്ധിച്ച് ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. തൊഴിൽദായകരെ മുതൽമുടക്കുന്നതിന് ആകർഷിക്കുന്നതിനായി ഒരു നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്ത് തൊഴിൽ സമാധാനമില്ല എന്ന തെറ്റായ പ്രചരണം ഇല്ലാതാക്കുന്നതിനും ഉദ്ദേശിച്ചാണ് പുതിയ തൊഴിൽ നയത്തിന് രൂപം നൽകിയിരിക്കുന്നത്.

(ഡി) പണിമുടക്കുകളുടെയും തൊഴിൽദിന നഷ്ടങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ കണക്കാക്കിയാൽ സംസ്ഥാനത്തെ തൊഴിൽ അന്തരീക്ഷം പൊതുവെ സമാധാനപരമാണ്. സംസ്ഥാനത്തിന്റെ കൃത്യമായ സ്ഥാനം എത്രയാണെന്നുള്ളതിനുള്ള ഔദ്യോഗിക കണക്കുകൾ ലഭ്യമല്ല.

## ആഴക്കടൽ മണൽ ഖനനം

336. ശ്രീ. ബിനോയ് വിശ്വം :

ശ്രീ. പി. എസ്. സുപാൽ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആഴക്കടൽ മണൽ ഖനനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കരയിൽനിന്നും എത്ര കിലോമീറ്റർ അകലെവരെയുള്ള കടലിലാണ് മണൽ ഖനനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഇത്തരം മണൽ ഖനനം, മൽസ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതിനും കടലാക്രമണം രൂക്ഷമാക്കുന്നതിനും ഇടയാക്കുമെന്ന വിദഗ്ദ്ധ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ചുള്ള അഭിപ്രായം വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം മണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് നൽകുവാൻ ഉദ്ദേശ്യമുണ്ടോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) സർക്കാർ തീരുമാനം എടുത്തിട്ടില്ല. നിർമ്മാണ പ്രവർത്തനത്തിനുതകുന്ന മണൽ നിക്ഷേപം, മണൽ ഖനനം ഇവയെക്കുറിച്ച് ഒരു സാദ്ധ്യതാ പഠനത്തിന് ബോംബേ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ കമ്പനി അപേക്ഷ നൽകിയിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിലുള്ള ഒരു റിപ്പോർട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിലുള്ള നയതീരുമാനം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ്.

## ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും

337. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി സ്വകാര്യമേഖലയിൽ എത്ര സ്കൂളുകളും പരിശീലന കേന്ദ്രങ്ങളുമുണ്ട്;

(ബി) ഇത്തരം സ്കൂളുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കും ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

(സി) ഈ സഹായത്തിന്റെ തോത് നിർണ്ണയിച്ചതെന്നാണ്;

(ഡി) ഈ സഹായം വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഇപ്രകാരമുള്ള 112 സ്ഥാപനങ്ങളുണ്ട്. (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്)

(ബി) പ്രസ്തുത സ്ക്കൂളുകളിലേയും മന്ദബുദ്ധികളായ കുട്ടികൾക്ക് പ്രതിമാസം 75 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 750 രൂപയും, വാർഷിക ഡ്രസ് അലവൻസായി 100 രൂപയും, റിക്വിസിറ്റ് അലവൻസായി 50 രൂപയും, ഉൾപ്പെടെ പ്രതിവർഷം 900 രൂപ സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ നൽകി വരുന്നു.

(സി) നിലവിലുള്ള തോത് നിർണ്ണയിച്ചത 17-11-2001-ലെ ജി.ഒ.(എം.എസ്.) 28/01/സാക്ഷേവ., 5-2-2002-ലെ ജി.ഒ.(എം.എസ്.) 3/02/സാക്ഷവേ. എന്നീ ഉത്തരവുകൾ പ്രകാരമാണ്.

(ഡി) നിലവിലുള്ള തുക വർദ്ധിപ്പിച്ചു നൽകിയത് 17-11-2001-ൽ ആണ്. അതിനാൽ ഉടനെ വീണ്ടുംമൊരു വർദ്ധന നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

## ഹാർബർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ നടപടി

338. ശ്രീ. വി.ഡി. സതീശൻ:

ശ്രീ. വി. ബലറാം:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. ടി.വി. ചന്ദ്രമോഹൻ:

ശ്രീ. ടി.യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഒരു ഹാർബർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്ത് എത്ര ഹാർബറുകൾ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) നിലവിലുള്ള ഹാർബറുകൾ ഏതെങ്കിലും നവീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) ചരക്കും യാത്രക്കാരെയും വഹിച്ചുകൊണ്ട് യാത്ര ചെയ്യാൻ കഴിയുന്ന സ്റ്റീമർ സർവ്വീസ് നടത്താനുദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

**ശ്രീ. എം.വി. രാഘവൻ (സഹകരണ-തുറമുഖ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്ത് സ്വയംഭരണാവകാശമുള്ള ഒരു ഫിഷറി ഹാർബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) മൽസ്യബന്ധന തുറമുഖങ്ങളുടേയും മൽസ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും നിർമ്മാണം, നടത്തിപ്പ്, പരിപാലനം, പുനരുദ്ധാരണം, ഉപഭോക്താക്കളിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസുകളും നികുതികളും പിരിക്കുക, തുറമുഖ നിർമ്മാണവും നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ചുമതലകളാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ആറ്.

(ഡി) ഉണ്ട്.

(ഇ) ചരക്ക് ഗതാഗതം ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

## <u>എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായവർക്ക് പ്രതിമാസ ആനുകൂല്യം നൽകാനുള്ള പദ്ധതി</u>

339. ശ്രീ. കെ. നാരായണക്കുറുപ്പ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളായവർക്ക് ഇടക്കാലത്ത് തൊഴിൽ നഷ്ടപ്പെട്ടാൽ നിശ്ചിത കാലത്തേയ്ക്ക് പ്രതിമാസ ആനുകൂല്യം നൽകാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) മുതൽ (ഡി) വരെ

തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ തൊഴിലില്ലായ്മ ഇൻഷ്വറൻസ് നൽകണമെങ്കിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റനോട് വിവരം ആരാഞ്ഞിട്ടുണ്ട്.

## <u>അരവിന്ദാക്ഷൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

340 ശ്രീമതി. ശോഭനാ ജോർജ്:

ശ്രീ. എ.കെ. മണി:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീമതി. രാധാരാഘവൻ:

ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ജില്ലാ സഹകരണ ബാങ്കുകളുടേയും പ്രാഥമിക സഹകരണ ബാങ്കുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച അരവിന്ദാക്ഷൻ കമ്മിററിയുടെ റിപ്പോർട്ട് ലഭിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളെന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ശുപാർശകൾ അംഗീകരിക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണ-തുറമുഖ വകുപ്പു മന്ത്രി):-**

(എ) ലഭിച്ചു.

(ബി) 60 ഇനങ്ങളിലാണ് കമ്മിറ്റി ശുപാർശകൾ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഇനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി ചില ശുപാർശകൾ അംഗീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ബാക്കിയുള്ളവ സജീവ പരിശോധനയിലാണ്.

**കേരള ചുമട്ടുതൊഴിലാളി നിയമം**

341. ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:

ശ്രീ. എൻ.ഡി. അപ്പച്ചൻ:

ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനം മുഴുവൻ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര ലോക്കൽ ബോഡികളിൽക്കൂടി ഇവ പ്രാബല്യത്തിൽ വരുത്താനുണ്ടെന്ന് പറയുമോ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്ന കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം;

(ഇ) ഈ നിയമമനുസരിച്ച് തൊഴിൽ ചെയ്യാത്തവർക്ക് കൂലി കൊടുക്കേണ്ടതുണ്ടോ; ഇല്ലാത്തപക്ഷം ഇന്ന് അട്ടമറിയുടെ പേരിൽ നടക്കുന്ന സംഭവങ്ങൾക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമവും, 1981-ലെ ചട്ടങ്ങളും 19-5-91-ലെ സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനമൊട്ടാകെ ബാധകമാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ നിയമത്തിന്റെ പതിമൂന്നാം വകുപ്പനുസരിച്ച് ആവിഷ്ക്കരിക്കപ്പെട്ട 1983-ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രസ്തുത വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം ഓരോ പ്രദേശങ്ങളിലും പ്രത്യേകം പ്രത്യേകം വിജ്ഞാപനം മൂലം ബാധകമാക്കിയാണ് നടപ്പാക്കി വരുന്നത്. അപ്രകാരം 338 പ്രദേശങ്ങ്ങളിൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്. അതിൽ നാളിതുവരെ 5 കോർപ്പറേഷൻ മേഖലയിലും, 44 മുനിസിപ്പാലിറ്റികളിലും, 152 പഞ്ചായത്ത് പ്രദേശങ്ങളിലുമായി ആകെ 121 കേന്ദ്രങ്ങളിൽ പദ്ധതിക്കുള്ള പ്രവർത്തനം നടപ്പാക്കിക്കഴിഞ്ഞു.

(ബി) സംസ്ഥാനത്ത് കേരള ചുമട്ടുതൊഴിലാളി നിയമം പ്രാബല്യത്തിൽ വരുത്തേണ്ട പ്രദേശങ്ങളുടെ കാര്യത്തിൽ നിയമം പതിനെട്ടാം വകുപ്പ് അനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാദേശിക കമ്മിറ്റികൾ പ്രസ്തുത പ്രദേശത്തെ ജോലി സാദ്ധ്യതയും മറ്റും പഠിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ബോർഡിന്റെ അംഗീകാരത്തോടെ സർക്കാർഞ്ഞ വിജ്ഞാപത്തിനായി സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്. സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിലാണ് ഈ നിയമം ഇനി കൂടുതൽ നടപ്പാക്കാനുള്ളത്. അപ്രകാരം 850 ഓളം പഞ്ചായത്ത് പ്രദേശങ്ങളിൽ ഇനി നിയമം നടപ്പാക്കാനുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും സ്കീം നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(സി)യും (ഡി)യും)

കയറ്റിറക്ക് മേഖലയിൽ നിലനിൽക്കുന്ന ചില അശാസ്യകരമല്ലാത്ത പ്രവണതകളായ അധിക വേതനം ഈടാക്കുക, തൊഴിലുടമകളോട് നിർബന്ധപൂർവ്വം തൊഴിൽ ആവശ്യപ്പെടുക, ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിക്കുക, തൊഴിൽ തടസ്സപ്പെടുത്തുക, തുടങ്ങിയ നിയമ വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമം ബാധകമാക്കാത്ത സ്ഥലങ്ങളിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. എങ്കിൽ സ്കീം നടപ്പിലാക്കിയ സ്ഥലങ്ങളിൽ മേല്പറഞ്ഞ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നില്ല.

(ഇ) നിലവിലുള്ള നിയമമനുസരിച്ച് തൊഴിൽ ചെയ്യാത്തവർക്ക് കൂലി കൊടുക്കേണ്ടതില്ല. നിയമത്തിലെ ഒൻപതാം വകുപ്പനുസരിച്ച് ഏതൊരു തൊഴിലുടമയും കയറ്റിറക്ക് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിർണ്ണയിക്കപ്പെട്ട വേതനം

നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ അട്ടിമറിയെന്ന പേരിൽ അധിക കൂലി വാങ്ങുന്ന പ്രവണതയില്ല. ഇങ്ങിനെ വാങ്ങുന്നതായി എന്തെങ്കിലും പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. സ്കീം നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഇങ്ങനെയുള്ള പ്രവണതകൾ നിയന്ത്രിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതാണ്.

<u>ഫാക്ടറികളിൽനിന്ന് പുറത്താക്കപ്പെടുന്ന തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി</u>

342. ശ്രീ. എം. മുരളി:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. കെ.പി. വിശ്വനാഥൻ:
ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) അടച്ചുപൂട്ടുന്ന ഫാക്ടറികളിൽ നിന്നും പീഢിതവ്യവസായങ്ങളിൽനിന്നും പുറത്താക്കപ്പെടുന്ന തൊഴിലാളികൾക്ക് വേണ്ടി പുനരധിവാസ പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇതുവരെ ഇപ്രകാരം പുറത്താക്കപ്പെട്ട എത്ര തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി അടഞ്ഞുകിടക്കുന്ന തൊഴിൽ സ്ഥാപനങ്ങളിലേയും, സിക്ക് യൂണിറ്റുകളിലേയും തൊഴിലാളികളുടെ പുനർ പരിശീലനത്തിനും, പുനരധിവാസത്തിനും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

(ബി) ഉദിക്കുന്നില്ല.

<u>ജലപാതകൾ ഉപയോഗിച്ച് ചരക്ക് ഗതാഗതം</u>

343. ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ജലപാതകൾ ഉപയോഗിച്ച് ചരക്ക് ഗതാഗതം അനുവദിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ജലപാതകളിൽ കൂടിയുള്ള ചരക്ക് ഗതാഗതം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി കോട്ടപ്പുറം മുതൽ കൊല്ലം വരെയുള്ള ദേശീയ ജലപാതയുടെ വികസന പ്രവർത്തനങ്ങൾനടന്നു വരികയാണ്. ജലപാതകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക, ടെർമിനലുകൾ നിർമ്മിക്കുക, ഇരുവശവും സംരക്ഷണഭിത്തി കെട്ടുക, രാത്രിയിൽ ഗതാഗതത്തിനാവശ്യമായ സിഗ്നലുകളും ലൈറ്റുകളും സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. കൂടാതെ റ്റി.എസ്. കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം രണ്ടു ഘട്ടങ്ങളായി നവീകരിച്ച് ഗതാഗതയോഗ്യമാക്കുവാനുള്ള വഴി പറശ്ശിനിക്കടവ് വരെയുള്ള ജലപാത ഉപയോഗിച്ച് ഇപ്പോൾ ചെറിയതോതിൽ ചരക്ക് ഗതാഗതം നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ തിരൂർ-പൊന്നാനിപ്പുഴ, താനൂർ-കൂട്ടായി കനാൽ, പൊന്നാനി-കൊച്ചിൻ കനാൽ എന്നീ ജലപാതകളും ഉപയോഗിച്ച് ചരക്ക് ഗതാഗതം നടക്കുന്നുണ്ട്. ഏലത്തൂൽ-കല്ലായി കനാൽ ബേപ്പൂർ-കല്ലായി കനാൽ എന്നീ കാനാലുകളും നവീകരണം പൂർത്തിയാക്കുന്നതോടെ, ഈ ജലപാതകൾ ഉപയോഗിച്ച് യാത്രാഗതാഗതം കൂടാതെ ചരക്ക് ഗതാഗതവും

നടത്താവുന്നതാണ്. ബേപ്പൂർ–കല്ലായി കനാൽ, ബേപ്പൂർ തുറമുഖത്തിനെ കോഴിക്കോട് നഗരവുമായി ബന്ധിപ്പിക്കുന്ന ഒരു ഫീഡൽ ചനലായും പ്രവർത്തിക്കുന്നതാണ്. വലിയ പറംപ, തെക്കേക്കാട്, വടക്കേക്കാട്, ഇടയിലക്കാട് എന്നീ ദ്വീപുകളെ ബന്ധപ്പെടുത്തി നിലവിൽ നടക്കുന്ന ചരക്കുഗതാഗതം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊറ്റി മുതൽ വളപട്ടണം വഴി പറശ്ശിനിക്കടവ് വരെയുള്ള ജലപാത ആഴം കൂട്ടി ജലഗതാഗതം സുഗമമാക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

കേരള ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമായ നാട്പാക് 1998–ൽ നടത്തിയ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി സ്റ്റഡിയുടെ ഭാഗമായി, യൂസർ ഏജൻസി പഠനത്തിൽ, ഗതാഗതം പ്രാവർത്തികമാക്കുകയാണെങ്കിൽ തങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും ഉൽപന്നങ്ങളും ജലഗതാഗത മാർഗ്ഗത്തിലൂടെ എത്തിക്കുന്നതിന് സമ്മതമാണെന്ന് കേരളത്തിലെ ചില പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്..

ജലപാതകൾ വഴി ചരക്കുകൾ കയററി അയയ്ക്കാൻ സാധ്യതയുള്ള വ്യവസായ സ്ഥാപനങ്ങളുമായി അതേക്കുറിച്ച് സമഗ്രമായ ഒരു ചർച്ച വകുപ്പു മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ നടത്തിയിരുന്നു. ഇതിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ഇവ പ്രാബല്യത്തിൽ വരുത്താനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

## ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്നതുമൂലം ആനുകൂല്യങ്ങളിൽ ഉണ്ടാകുന്ന നഷ്ടം

344. ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. സി. മൊയിൻ കുട്ടി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ചില തൊഴിൽ സ്ഥാപനങ്ങളിൽ ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച് നീണ്ടകാലം പ്രവർത്തിയെടുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ മാസശമ്പളത്തിലും സ്ഥിരലാവണത്തിലും പെടുത്താത്തതിനാൽ ഇത്തരം ജീവനക്കാർക്ക് ലീവ്, പ്രോവിഡന്റ് ഫണ്ട് മുതലായ ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജീവനക്കാരുടെ അവകാശങ്ങൾ ഇത്തരത്തിൽ നിഷേധിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന് നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):–**

(എ) ചില തൊഴിൽ സ്ഥപനങ്ങളിൽ ജീവനക്കാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച് നീണ്ടകാലം പ്രവൃത്തിയെടുപ്പിക്കുന്നതായി ചിലപ്പോൾ പരാതികൾ ലഭിക്കാറുണ്ട്.

(ബി) മാസശമ്പളത്തിലും സ്ഥിരം ലാവണത്തിലും പെടുത്താത്തതുകൊണ്ട് ഈ ജീവനക്കാർക്ക് ലീവ് മുതലായ ആനുകൂല്യങ്ങൾ നഷ്ടമാകുന്നുണ്ട്.

(സി) ഇതു സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ തർക്കമായി കൈകാര്യം ചെയ്ത് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വ്യവസായശാലകളിൽ ഫ്ളോർ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി

345. ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. എ.കെ. മണി:
ശ്രീ. കെ.പി. വിശ്വനാഥൻ:
ശ്രീ. ബി. വിജയകുമാർ:

ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡബ്ള്യൂ.ടി.ഒ കരാറിന്റെ വെളിച്ചത്തിൽ സമരം കൂടാതെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വ്യവസായത്തിന്റെ പുരോഗതി ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഈ ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായി തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ നിരന്തരം സമ്പർക്കം പുലർത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എപ്രകാരമെന്ന് പറയുമോ;

(ഡി) ഇതിനുവേണ്ടി വ്യവസായശാലകളിൽ ഫ്ളോർ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കൺസിലിയേഷൻ നടപടി ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുകയും അതേസമയം വ്യവസായ പുരോഗതി വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി സർക്കാർ ഒരു തൊഴിൽനയം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തൊഴിൽനയത്തിന്റെ ഭാഗമായി നിയമപരവും ഭരണപരവുമായ പല നടപടികളും എടുത്തുവരികയാണ്. തൊഴിൽമേഖലയിൽ കടന്നുകൂടിയ ചില നിയമവിരുദ്ധമായ പ്രവണതകൾ നിരുത്സാഹപ്പെടുത്തുവാൻ വേണ്ടിയുള്ള നിയമനിർമ്മാണവും സർക്കാർ ആലോചിച്ചുവരുന്നു. കൂടാതെ തൊഴിലാളികളെ സഹായിക്കാൻവേണ്ടി സാമൂഹ്യ സുരക്ഷാവലയം ശക്തിപ്പെടുത്താനും നടപടിയെടുക്കുന്നുണ്ട്.

(ബി)യും (സി) യും: ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി തൊഴിലാളി പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും മറ്റ് അംഗങ്ങളുമടങ്ങുന്ന വേദികളിൽ നിരന്തര സമ്പർക്കത്തിന് അവസരമുണ്ട്.

(ഡി) വ്യവസായശാലകളിൽ ഫ്ളോർ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിലവിൽ നിയമമുണ്ട്. കൺസിലിയേഷൻ നടപടി ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## തെരുവുകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി

346. ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി.കെ.സി. മമ്മതുകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെരുവുകുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) ഈ പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി( വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒബ്സർവേഷൻ ഹോമുകളിലും, ക്ഷേമസ്ഥാപനങ്ങളായ മഹിളാമന്ദിരങ്ങളിലും മറ്റു കുട്ടികളുടെ സ്ഥാപനങ്ങളിലും തെരുവു കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും, തുടർന്ന് അവരുടെ താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം, തൊഴിൽപരിശീലനം, പുനരധിവാസം എന്നിവയ്ക്കുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ഈ ക്രമീകരണം സംബന്ധിച്ചുള്ള വിശദവിവരം പബ്ളിക് റിലേഷൻസ് വകുപ്പ് മുഖേന എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ കണ്ടെത്തിയാൽ അവരെ ടി സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഓഫീസർമാർക്ക് നൽകുന്നതിന് എല്ലാ സിറ്റി പോലീസ്

കമ്മീഷണർമാരോടും ജില്ലാ പോലീസ് സൂപ്രണ്ടുമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. തെരുവു കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് സർക്കാർ ജി.ഒ. (ആർ.റ്റി) നം.412/2000/എസ്.ഡബ്ള്യൂ.ഡി. തീയതി 29–12–2000 പ്രകാരം സിറ്റിലവൽ ഫോറം രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം എല്ലാ ജില്ലയിലും സിറ്റിലവൽ ഫോറം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സന്നദ്ധസംഘടനകളും ചൈൽഡ് ലൈനും ഈ രംഗത്ത് സജീവ സാന്നിദ്ധ്യമുണ്ട്.

(സി),(ഡി) & (ഇ) എല്ലാ ജില്ലകളിലുമുള്ള ഒബ്സർവേഷൻ ഹോം തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ തെരുവു കുട്ടികളെ പാർപ്പിക്കുവാൻ ആവശ്യമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

## ചരക്ക് ഗതാഗതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധി

347. ശ്രീ. ടി.കെ. ബാലൻ:
ശ്രീ. കെ.കെ.ജയചന്ദ്രൻ:
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് മാർഗ്ഗമുള്ള ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗുഡ്സ് ട്രാൻസ്പോർട്ടിംഗ്, പാർസൽ സർവ്വീസുകൾ, ലോറി, കണ്ടെയ്നർ ട്രെയിലർ, ടാങ്കർ ലോറി തുടങ്ങിയ കാരിയർ വാഹനങ്ങളിൽ ജോലി നോക്കുന്ന തൊഴിലാളികൾക്ക് യാതൊരു തൊഴിൽ നിയമത്തിന്റെയും പരിരക്ഷ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത തൊഴിലാളികളുടെ സംഘടനകളിൽ നിന്നും തൊഴിൽ വകുപ്പിൽ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ നിവേദനത്തിലുന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെക്കുറിച്ച് പരിശോധിക്കുകയുണ്ടായോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):-**

(എ) ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമനിധിയുൾപ്പെടെയുള്ള ആവശ്യങ്ങൾ സംബന്ധിച്ച് തൊഴിൽവകുപ്പ് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തുന്നുണ്ട്.

(ബി) മറ്റു തൊഴിൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കുള്ള അതേ പരിരക്ഷ ഇവർക്കും ലഭ്യമാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

## ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച പദ്ധതി

348. ശ്രീ. എം. കുമാരൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ)&(ബി) ചെറുകിട തോട്ടം തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമ പദ്ധതിയുടെ കരട് തയ്യാറാക്കിവരുന്നുണ്ട്.

(സി) ചെറുകിട തോട്ടം തൊഴിലാളികളുടെ എണ്ണം മാത്രമായി വകുപ്പുതലത്തിൽ തിട്ടപ്പെടുത്തിയിട്ടില്ല.

## 'ഒരു കപ്പ് പാലും ഷെയ്ക്ക് ഹാൻഡും' പദ്ധതി

349. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു കപ്പ് പാലും ഷെയ്ക്ക് ഹാൻഡും' പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ 163 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ അംഗൻവാടികൾവഴി സംസ്ഥാനത്ത് ഉടനീളം നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളിലെ മുഴുവൻ അംഗൻവാടികളിലും പാൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി കുറ്റമറ്റതാക്കാൻ ഓരോ അംഗൻവാടി തലത്തിലും ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതാണ്.

## തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ പരിശീലന സ്ഥാപനങ്ങളും നവീകരിക്കുന്നതിന് നടപടി

350. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ പരിശീലന കേന്ദ്രങ്ങളും, തൊഴിൽ പരിശീലന സ്ഥാപനങ്ങളും കാലഘട്ടത്തിനനുസരണമായി നവീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):-**

(എ) തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ നടത്തുന്ന കോഴ്സുകൾ നവീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്താതെ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. (റീവാംപിങ് ഓഫ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം). ഇതിനായി നിലവിലുള്ള ഐ.ടി.ഐ.കളിലെ തൊഴിൽ സാദ്ധ്യത കുറഞ്ഞതും എന്നാൽ കൂടുതൽ യൂണിറ്റുകളുള്ളതുമായ ട്രേഡുകളിലെ അധികയൂണിറ്റുകൾ ഘട്ടംഘട്ടമായി കുറവു ചെയ്യുന്നതിനും പകരം പുതിയ ട്രേഡുകൾ, ഹ്രസ്വകാല കോഴ്സുകൾ, പ്രൊഡക്ഷൻ സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

********